പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4484

04/02/2014 ൽ മറുപടിയ്ക്ക്

## പുതുക്കാട് ഗ്രാമപഞ്ചായത്തിലെ കണ്ണമ്പത്തൂർ പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ.സി.രവീന്ദ്ര നാഥ് | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) പുതുക്കാട് മണ്ഡലത്തിൽ പുതുക്കാട് ഗ്രാമപഞ്ചായത്തിലെ കണ്ണമ്പത്തൂർ എന്ന പ്രദേശം പട്ടികജാതി ശ്മശാനം ആയിരുന്നുവെങ്കിലും 100 വർഷത്തിലധികമായി 12 വീട്ടുകാർ പ്രസ്തുത സ്ഥലത്ത് പട്ടയം ഇല്ലാതെ താമസിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ; | ബി) | കണ്ണമ്പത്തൂർ പട്ടികജാതി ശ്മശാന ഭൂമിയിലെ താമസക്കാർ മുൻകാലങ്ങളിൽ പട്ടയത്തിന് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ വരുന്ന ഭൂമിയായതിനാൽ സർക്കാരിലേക്ക് പുനർ നിക്ഷേപം നടത്താൻ സാധിക്കാതിരുന്നതിനാൽ പട്ടയ അപേക്ഷകൾ നിരസിക്കുകയാണുണ്ടായത്. ടി ഭൂമി സംബന്ധിച്ച് നിലവിൽ പട്ടയ അപേക്ഷകളൊന്നും തീർപ്പാക്കാൻ ബാക്കിയില്ലെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| സി) പട്ടയം ലഭിക്കണമെന്ന ഇവരുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് പട്ടയം നൽകുവാൻ നടപടി സ്വീകരിച്ച്, പട്ടയം എന്നത്തേക്ക് നൽകാനാകും എന്ന് | സി) | കൈവശക്കാർ വീണ്ടും പട്ടയത്തിനായി അപേക്ഷ സമർപ്പിക്കുന്ന പക്ഷം പഞ്ചായത്തിൽ നിക്ഷിപ്തമായ ടി ഭൂമിയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ |

| | |
|---|---|
| വിശദമാക്കാമോ? | റെക്കോർഡുകൾ തയ്യാറാക്കി പരിശോധന പൂർത്തിയാക്കി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ